"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആലപ്പുഴ ജില്ല - ബുധനൂർ ഗ്രാമ പഞ്ചായത്ത് - കുട്ടമ്പേരൂർ ആറിന്റെ ഇരുകരകളിലും ബണ്ടുകൾ നിർമ്മിച്ച് ജൈവപാർക്കും ജൈവസങ്കേതവുമാക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് വേണ്ടി PEAIS അവാർഡ് തുകയിൽ നിന്ന് 25 ലക്ഷം രൂപ ബുധനൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2879/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/12/2019

---

പരാമർശം:- 1 06.06.2018 ലെ സ.ഉ.(സാധാ)1552/2018/ത.സ്വ.ഭ.വ.

2 ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2019 ലെ. എ3-3021/19 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 10.07.2019 ലെ പി.എ.എൻ./6508/19-എഫ്3(ഡി.പി.)നം. കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കുട്ടമ്പേരൂർ ആറിന്റെ ഇരുകരകളിലും ബണ്ടുകൾ നിർമ്മിച്ച് ജൈവപാർക്കും ജൈവസങ്കേതമാക്കുന്നതിനും വേണ്ടി 50 ലക്ഷം രൂപയുടെ ചെലവ് വരുമെന്നും ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ അനുവദിക്കണമെന്നും ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ലഭിച്ച PEAIS (PEAIS- Panchayat Empowerement and Accountability Incentive Scheme) അവാർഡ് തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിൽ നിന്നും പത്ത് ലക്ഷം രൂപ കുട്ടമ്പേരൂർ ആറിന്റെ അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിനും, ഇതിനായി നടത്തേണ്ടുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ബുധനൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

3. പരാമർശം 3 പ്രകാരം നിലവിൽ ടി ഫണ്ടിൽ 5,60,72,411/- രൂപ അവശേഷിച്ചിട്ടുണ്ടെന്നും പ്രാരംഭ പ്രവർത്തികൾക്ക് ടി പഞ്ചായത്തിന് പീസ് ഫണ്ടിൽ

നിന്നും തുക അനുവദിച്ച സാഹചര്യത്തിൽ തുടർ പ്രവർത്തനങ്ങൾക്കും പീസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

4. ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുകൂടിയും, മാന്നാർ ചെന്നിത്തല ഗ്രാമപഞ്ചായത്തുകളുടെ കിഴക്കൻ അതിർത്തിയിലൂടെയും ഒഴുകുന്ന കുട്ടമ്പേരൂർ ആറ് കയ്യേറ്റം മൂലം ഒഴുക്ക് നഷ്ടപ്പെട്ട നിലയിലാണ്. ജനകീയ ഇടപെടലിലൂടെയും തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രവർത്തന ഫലമായും ആറിന്റെ നീരൊഴുക്ക് പുനസ്ഥാപിച്ചിട്ടുള്ളതും, ആറ് അളന്ന് തിരിച്ച് അതിർത്തി നിർണ്ണയിച്ച് നബാർഡിന്റെ സാമ്പത്തീക സഹായത്തോടെ ആഴവും വീതിയും വർദ്ധിപ്പിക്കുന്ന പ്രവർത്തികൾ നിലവിൽ പുരോഗമിച്ച് വരുന്നു. ആറ്റിൽ നിന്നെടുത്ത ചെളിയും മണലും ഉപയോഗിച്ച് ആറിന്റെ ഇരുകരകളിലുമായി 15 കി.മീ. നീളത്തിൽ 5 മീറ്ററിലധികം വീതിയിലുള്ള ബണ്ടുകൾ നിർമ്മിക്കുന്നതിനും, ജൈവ പാർക്ക് നിർമ്മിക്കുന്നതിനും, ഏകദേശം 29 ഹെക്ടറിലധികം വരുന്ന സ്ഥലത്ത് മരങ്ങൾ, പച്ചക്കറി, മറ്റ് കരകൃഷി എന്നിവ ഒരുക്കി ജൈവസങ്കേതമാക്കുന്നതിനും, ജലടൂറിസം, മത്സ്യബന്ധനം തുടങ്ങിയവ നടപ്പിലാക്കി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മണ്ണ്, ജലസംരക്ഷണം ഉൾപ്പെടെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

5. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി ബണ്ട് ലെവൽ ചെയ്ത് വൃക്ഷങ്ങൾ നട്ട് സംരക്ഷിക്കുന്നതിനും, ചെടികളുടെ വില, ജൈവവളം, വേതനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി കണക്കാക്കിയിട്ടുള്ള 50 ലക്ഷം രൂപയിൽ ആരംഭഘട്ടമായി 25 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നത്.

6. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ലഭിച്ച PEAIS (PEAIS- Panchayat Empowerement and Accountability Incentive Scheme) അവാർഡ് തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിൽ നിന്നും ബുധനൂർ ഗ്രാമ പഞ്ചായത്ത് - കുട്ടമ്പേരൂർ ആറിന്റെ ഇരുകരകളിലും ബണ്ടുകൾ നിർമ്മിച്ച് ജൈവപാർക്കും ജൈവസങ്കേതവുമാക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് വേണ്ടി 25 ലക്ഷം രൂപ ബുധനൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്
1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. പ്രസിഡന്റ്, ബുധനൂർ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
3. സെക്രട്ടറി, ബുധനൂർ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി.എ./എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് ( LSGD-RC 4/93/2018-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

82